**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 923** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. നജീബ് കാന്തപുരം

ശ്രീ. എ. കെ. എം. അഷ്റഫ്

ശ്രീ. പി. കെ. ബഷീർ

(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ റോഡുകൾ ഘട്ടം ഘട്ടമായി ബി.എം & ബി.സി റോഡുകളായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദീകരിക്കുമോ;

**<u>മറുപടി:</u>** സംസ്ഥാന റോഡുകൾ ബി.എം & ബി സി റോഡുകൾ ആയി ഉയർത്തുമെന്ന സർക്കാർ നയം അനുസരിച്ച് ഘട്ടം ഘട്ടമായി ഉയർത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

**(ബി)** പൊതുമരാമത്ത് വകുപ്പിന്റെ വിവിധ നിർമ്മാണങ്ങളിൽ പൈതൃക സംരക്ഷണത്തിനും പരിസ്ഥിതി സൗഹൃദത്തിനും മുൻഗണന നൽകാൻ നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** പൊതുമരാമത്ത് കെട്ടിട വിഭാഗവുമായി ബന്ധപ്പെട്ട് പൈതൃക കെട്ടിടങ്ങളുടെ പൈതൃകം നിലനിർത്തിക്കൊണ്ടാണ് നിലവിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികളും പുതിയ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തിയും ചെയ്യുന്നത്. പരിസ്ഥിതി സവഹൃദത്തിന് വേണ്ടി പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ലൈറ്റ് വെയ്റ്റ് കോൺക്രീറ്റ് പുനരുപയോഗ സാമഗ്രികൾ ഉപയോഗിച്ച് നിർമ്മിക്കുന്ന വി ബോർഡ്, സോളിഡ് ബ്ലോക്ക്; റിസൈക്കിൾഡ് അഗ്രിഗേറ്റ് എന്നിവ ഉപയോഗിച്ച് വരുന്നു. പൊതുമരാമത്ത് വകുപ്പിന്റെ ആർക്കിടെക്ച്ചറൽ വിഭാഗം വഴി രൂപകൽപ്പന ചെയ്യുന്ന കെട്ടിടങ്ങളിൽ

പരിസ്ഥിതി സൗഹൃദ നിർമ്മാണ രീതിയായ ഗ്രീൻ ബിൽഡിംഗ് സ്വീകരിച്ചു വരുന്നു. നിരത്ത് വിഭാഗത്തിന്റെ പ്രവൃത്തികളിൽ പരിസ്ഥിതി മലിനീകരണം കഴിയുന്നത്ര ഒഴിവാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. പ്ലാസ്റ്റിക് മാലിന്യം Re-use ചെയ്യുന്നതിലേയ്ക്കായി റോഡ് Surfacing- ന്റെ 50% പ്ലാസ്റ്റിക് ഉപയോഗിച്ച് ചെയ്തു വരുന്നു. Mixing Plant - കൾ സ്ഥാപിക്കുന്നത് ജനവാസമല്ലാത്ത മേഖലകളിലാണ്. കൂടുതലായി പൈതൃക സംരക്ഷണത്തിനും പരിസ്ഥിതി സൗഹൃദത്തിനും മുൻഗണന നൽകുന്നതിന് വിശദമായ പഠനങ്ങൾ ആവശ്യമാണ്.

**(സി)** സംസ്ഥാനത്തെ ബൈപാസുകളെ നാലുവരി പാതയായി വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ?

**<u>മറുപടി:</u>** വിഷയം പരിശോധിച്ച് തീരുമാനം എടുക്കേണ്ടതുണ്ട്..

**സെക്ഷൻ ഓഫീസർ**